(ജി) ഇല്ല.

(എച്ച്) നവീകരണ പദ്ധതികൾ ആറുമാസക്കാലത്തിനകം പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പുന:രുദ്ധാരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ഉറപ്പ് കമ്പനി അധികൃതയിൽ നിന്നും യൂണിയനുകളിൽ നിന്നും ലഭിച്ചതിനുശേഷമാണ് കെ.ഐ.ആർ. എഫ്-ൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

"ടൈറ്റാനിയം ഫാക്ടറിയിൽ തദ്ദേശവാസികൾക്ക് നിയമനം"

25 (*115)ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ടൈറ്റാനിയം ഫാക്ടറിയിൽ തദ്ദേശവാസികൾക്ക് നിയമനം നൽകുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്;

(ബി) ഇതനുസരിച്ച് എത്ര ശതമാനം നിയമനമാണ് ഇവർക്ക് നിശ്ചയിച്ചിരിക്കുന്നത്;

(സി) തദ്ദേശവാസികൾക്ക് നിശ്ചയിച്ചിരിക്കുന്ന സംവരണം ആർക്കെല്ലാമാണ് നൽകുന്നത്, ഏത് അനുപാതത്തിലെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് പുനർനിർണ്ണയം ചെയ്യാൻ ആലോചിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ-സി) തൊഴിൽ പ്രാവീണ്യം ആവശ്യമില്ലാത്ത തസ്തികകളിലെ (അൺസ്കിൽഡ് വിഭാഗം) ഒഴിവുകളിലേക്കുള്ള നിയമനങ്ങളിൽ 30% പരിസരവാസികൾക്കായി നീക്കിവയ്ക്കുകയും ഇപ്രകാരം നീക്കിവയ്ക്കപ്പെടുന്ന ഒഴിവുകളിൽ 25% സബ് ലൊക്കാലിറ്റി വിഭാഗത്തിൽപ്പെടുന്നവർക്കും 5% ലൊക്കാലിറ്റി വിഭാഗത്തിൽപ്പെടുന്നവർക്കും നൽകുകയും ചെയ്യണമെന്നുള്ള മാർഗ്ഗനിർദ്ദേശം അതനുസരിച്ചാണ് ടൈറ്റാനിയം ഫാക്ടറിയിൽ നിയമനം നടത്തുന്നത്.

(ഡി) പുനർനിർണ്ണയം ചെയ്യാൻ ഇപ്പോൾ ആലോചിക്കുന്നില്ല. എന്നാൽ 24/11/2000-ൽ വ്യവസായ വകുപ്പ് മന്ത്രി നടത്തിയ യോഗത്തിൽ സംവരണം സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു റിട്ടയേർഡ് ജഡ്ജിയെ അന്വേഷണ കമ്മിഷനായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥി പ്രവേശനം

26 (*116)ശ്രീ. വി. ബാലറാം :

ഡോക്ടർ എം.എ. കുട്ടപ്പൻ :

LIBRARY ARCHIVES Kerala Legislative Assembly